## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4248** **06-03-2023 - ൽ മറുപടിയ്ക്ക്**

## പങ്കാളിത്ത പെൻഷൻ സംബന്ധിച്ച്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് നിയോഗിച്ച വിദഗ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ; | (എ) | പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക/ നിയമവശങ്ങൾ ഉൾപ്പടെ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ നിയമിച്ച സമിതി 30.04.2021 തീയതിയിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. പരിശോധന പൂർത്തിയായി റിപ്പോർട്ടിന്മേൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടതിനുശേഷം ആയത് പ്രസിദ്ധീകരിക്കുന്നതാണ്. |
| (ബി) | പങ്കാളിത്ത പെൻഷൻ ഉപേക്ഷിക്കുന്നത് പരിഗണനയിൽ ഉണ്ടോയെന്ന് വിശദമാക്കാമോ? | (ബി) | ടി വിഷയത്തിന്മേൽ നയപരമായ തീരുമാനം ആവശ്യമായതിനാലും പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്ന സാഹചര്യത്തിലും ആയതിന്മേൽ തീരുമാനമാകുന്നമുറയ്ക്ക് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ